പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1588 — 11.08.2017-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യുടെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.വി. രാജേഷ് | | തോമസ് ചാണ്ടി (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ നവീകരണത്തിന് ഏതൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000/- രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്.<br>1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കിലോ മീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.<br>യാത്രക്കാരെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ സ്ത്രീ സുരക്ഷ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസ്സുകൾ ഇതിനോടകം തന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.<br>സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്.<br>ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്.<br>സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്.<br>കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്.<br>വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.<br>പഴക്കം ചെന്ന സൂപ്പർ ക്ലാസ് ബസുകൾ മാറ്റുന്നതിലേക്കായും പുതിയ സർവീസുകൾ ആരംഭിക്കുന്നതിലേക്കുമായി 900 ബസുകൾ വാങ്ങുന്നതിനായി KIIFB ഫണ്ടിംഗ് ലഭ്യമാക്കുന്ന വിഷയം പരിശോധിച്ച് വരികയാണ്.<br>മെക്കാനിക്കൽ ജീവനക്കാരുടെ സമയ |

| | | | |
|---|---|---|---|
| | | | ക്രമം, ബസുകൾ സർവീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുന:ക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br>മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാന ഭാരം കുറയ്ക്കുന്നതിനും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്ന തിനും Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack മുതലായ ആധുനിക ഉപകരണങ്ങൾ കൂടി വാങ്ങി നല്കുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.<br>മെക്കാനിക്കൽ വിഭാഗത്തിൽ Work-norms പരിഷ്കരിച്ച് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ പ്രൊഡക്ടിവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br>കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈകൊണ്ടിട്ടുണ്ട്.<br>സാമ്പത്തിക പുന:ക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സിയ്ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 45 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ 'മിന്നൽ' പോലുള്ള സർവ്വീസുകളിൽ നിന്നും പ്രതീക്ഷിച്ച വരുമാനം ലഭിക്കുന്നുണ്ടോ; കൂടുതൽ 'മിന്നൽ' സർവ്വീസുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ മിന്നൽ സർവ്വീസുകളിൽ പ്രതീക്ഷിച്ച വരുമാനം ലഭിക്കുന്നുണ്ട്. കൂടുതൽ മിന്നൽ സർവ്വീസുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**